മലയാള മനോരമ
ESTABLISHED 1888

02 June 2019




കോഴി വളർത്തൽ യൂണിറ്റുകളുടെ വിതരണം സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ നിർവഹിക്കുന്നു

# ഗ്രാമത്തിൽ മുട്ട ഉൽപാദനം; നഗരത്തിൽ വിപണനം, കെവികെ പദ്ധതിക്കു തുടക്കം

**ഉൽപാദനലക്ഷ്യം പ്രതിവർഷം ഒരു ലക്ഷം കോഴിമുട്ടകൾ**

**കൊച്ചി** ● വീട്ടുവളപ്പിൽ ഗുണനിലവാരമുള്ള കോഴിമുട്ട ഉൽപാദിപ്പിക്കാനുള്ള പദ്ധതിയുമായി സിഎംഎഫ്ആർഐക്കു കീഴിലെ എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം (കെവികെ).

ഞാറയ്ക്കൽ പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങളിൽ കെവികെ കോഴി വളർത്തൽ യൂണിറ്റുകൾ ലഭ്യമാക്കി. പട്ടികജാതി വിഭാഗത്തിലെ തിരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ യൂണിറ്റുകൾ വിതരണം ചെയ്തു. കൂട്, മുട്ടക്കോഴികൾ, തീറ്റ എന്നിവയടങ്ങുന്നതാണു കോഴി വളർത്തൽ യൂണിറ്റ്. 45 യൂണിറ്റുകളാണ് ആദ്യ ഘട്ടത്തിൽ സജ്ജമാക്കുന്നത്.

പ്രതിവർഷം ഒരു ലക്ഷം മുട്ടകൾ ഉൽപാദിപ്പിക്കാമെന്നാണു പ്രതീക്ഷിക്കുന്നത്.

കോഴിമുട്ടകൾ സിഎംഎഫ്ആർഐയിൽ സ്ഥിതി ചെയ്യുന്ന കെവികെയുടെ ഫാം ഷോപ്പിയിലൂടെ വിപണനം ചെയ്യും.

കൊച്ചി നഗരത്തിൽ കോഴി വളർത്തലിൽ താൽപര്യമുള്ള ധാരാളം വീട്ടമ്മമാർ ഉണ്ടെങ്കിലും സ്ഥലപരിമിതിയാണ് അവർ നേരിടുന്ന പ്രധാന പ്രശ്നം. ഈ സാഹചര്യത്തിലാണു ഗ്രാമത്തിൽ ഉൽപാദനവും, നഗരത്തിൽ വിപണനവും നടത്താൻ ലക്ഷ്യമിടുന്ന പദ്ധതിക്കു തുടക്കമിട്ടതെന്ന് കെവികെ മേധാവി ഡോ. ഷിനോജ് സുബ്രഹ്മണ്യൻ പറഞ്ഞു.

ഗ്രാമപ്രദേശങ്ങളിലെ വീട്ടമ്മമാർക്ക് അവരുടെ സ്ഥിരം ജോലികൾക്കു തടസ്സമാകാതെ തന്നെ മുട്ട ഉൽപാദന യൂണിറ്റുകളിൽ പ്രവർത്തിക്കാം.

പിറവം ഭാഗത്തെ ഗാർഹിക യൂണിറ്റുകളിൽ ഉൽപാദിപ്പിക്കുന്ന നാടൻ കോഴിമുട്ടകൾ ഇപ്പോൾ കെവികെയുടെ ഫാം ഷോപ്പിയിൽ ലഭിക്കുന്നുണ്ട്.